# KNANAYA CATHOLIC REGION

## ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO

**Vicar General and Knanaya Regional Director: Rev. Fr. Thomas Mulavanal**

541 N Willow Rd, Elmhurst, IL 60126. (310) 709 5111

mulavan@hotmail.com www.knanayaregion.us

Circular: 06/2016 December 2, 2016

ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമേ,

ക്രിസ്തുവിന്റെ സമാധാനവും പ്രത്യാശയും, അതോടൊപ്പം നവവത്സരത്തിന്റെ സന്തോഷവും സമൃദ്ധിയും ഏവർക്കും ആശംസിക്കുന്നു. പിന്നിടുന്ന വത്സരത്തിൽ ദൈവം നൽകിയ അനുഗ്രഹങ്ങൾക്കും കൃപകൾക്കും ആരോഗ്യത്തിനും ആയുസ്സിനും നമുക്ക് ഒന്നുചേർന്ന് കൃതജ്ഞത അർപ്പിയ്ക്കാം. ചെറുതും വലുതുമായ ഒട്ടനവധി അനുഗ്രഹങ്ങൾ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും, സഭയിലും സമുദായത്തിലും അനുഭവിക്കാനും പങ്കുവയ്ക്കാനും പിന്നിട്ട കരുണയുടെ വത്സരം സഹായകമായി. താത്വികമായി കരുണയുടെ കവാടം അടഞ്ഞെങ്കിലും, പ്രയോഗികമായി ഇനി നമ്മുടെ ഹൃദയകവാടങ്ങൾ കരുണയുടെ നിലക്കാത്ത പ്രവർത്തന മേഖലകളിലേക്കു തുറക്കപ്പെടേണ്ടിയിരിക്കുന്നു.

സീറോ മലബാർ സഭാ സമൂഹം 2017 യുവജന വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ജനുവരി ഒന്നാം തീയതി നമ്മുടെ മിഷനുകളിലും ഇടവകകളിലും യുവജന വർഷം ഉത്ഘാടനം ചെയ്യപ്പെടും. സഭയുടെയും സമുദായാത്തിന്റെയും ഭാവി ത്രുപപ്പെടുത്താനുള്ളവർ എന്ന നിലയിൽ നമ്മുടെ യുവജനങ്ങളെ പ്രവർത്തനസജ്ജരാക്കാനുള്ള സാഹചര്യങ്ങൾ സഭാ സാമുദായിക രംഗങ്ങളിൽ ത്രുപപ്പെടണം. യൗവനത്തിലൂടെ കടന്നുപോയ യേശുവിന്റെ മനോഭാവങ്ങൾ സ്വായത്തമാകുന്ന ആത്മീയത നമ്മുടെ യുവജനങ്ങൾക്കു പരിചിതമാകണം. അമേരിക്കൻ സംസ്കാരങ്ങൾ ഉൾച്ചേർന്നിരിക്കുന്ന നമ്മുടെ യുവജനങ്ങളെ മനസ്സിലാക്കി, അവരുടെ മനോഭാവങ്ങൾക്കും കാഴ്ചപ്പാടുകൾക്കും അനുസൃതം പരിശീലനം നല്കി, സഭാസമുദായിക നേതൃത്വത്തിന് സജ്ജമാക്കുക എന്ന വലിയ ഉത്തരവാദിത്വം മുതിർന്ന തലമുറയ്ക്കുണ്ട്. തലമുറകളിലൂടെ കൈമാറ്റപ്പെട്ട ആത്മീയതയും പൈതൃക പാരമ്പര്യങ്ങളും ശരിയായ വിധം മനസ്സിലാക്കി സഭയുടെ മുഖ്യധാരയിലേക്ക് ഇറങ്ങുവാൻ യുവജനങ്ങളും തയ്യാറാകണം. അതിനുതകുന്ന കർമ്മപരിപാടികൾ മിഷൻ / ഇടവക / ഫൊറോന / റീജിയണൽ തലങ്ങളിൽ ഈ വർഷം ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ഇക്കഴിഞ്ഞ നവംബർ 19, 20 തിയതികളിൽ ക്നാനായ മിഷനുകളിലും ഇടവകകളിലുമുള്ള പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സിന്റെയും വചനപ്രഘോഷകരുടെയും പരിശീലന വേളയിൽ 35 പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. ക്നാനായ സമുദായം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ അതിജീവിക്കാൻ സുശക്തമായ പ്രാർത്ഥന ആവശ്യമാണെന്ന ബോധ്യത്തിലേക്കു എല്ലാവരും എത്തി. ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പുകൾ ഇടവക / മിഷൻ തലങ്ങളിൽ രുപപ്പെടുത്തിയെടുത്തുകൊണ്ട് ഇടവക കേന്ദ്രികൃതമായ ആത്മീയ സ്രോതസുകൾ വളർത്തി സഭാ സാമുദായിക പ്രശ്നങ്ങൾക്ക് പരിഹാരം കാണണം എന്ന ദർശനമാണ് ഈ കൂട്ടായ്മയിൽ ത്രുപപ്പെട്ടത്. ഇതിന്റെ വെളിച്ചത്തിൽ നമ്മുടെ പ്രാർത്ഥനാ സംഘങ്ങളിലും കുടുംബ പ്രാർത്ഥനകളിലും സഭാ സാമുദായിക നിയോഗങ്ങൾ സമർപ്പിച്ചു പ്രത്യേകം പ്രാർത്ഥിക്കുവാൻ

ഏവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ വിശ്വസയാത്രയിൽ തടസ്സങ്ങൾ നേരിട്ടപ്പോഴെല്ലാം ജനം ഒന്നുചേർന്ന് നിലവിളിച്ചു പ്രാർത്ഥിച്ചപ്പോൾ കർത്താവ് ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ചുകൊടുത്തത് കൂട്ടായി പ്രാർത്ഥിക്കുവാൻ നമുക്ക പ്രത്യാശ നൽകുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനക്കായി റീജിയന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന ടെലിഫോൺ ജപമാല എല്ലാദിവസവും ചിക്കാഗോ സമയം രാത്രി ഒൻപതു മണി മുതൽ നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നിച്ചു പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് 847-961-4901 എന്ന നമ്പറിൽ ചേരാവുന്നതാണ്.

കൂടാതെ 2017 ജനുവരി 28, 29 തീയതികളിൽ നമ്മുടെ പ്രത്യേക നിയോഗങ്ങൾ മുൻനിർത്തി 'സെനക്കിൽ മീറ്റ്' എന്ന പേരിൽ ഒരു തപസ്സ് ധ്യാനം ചിക്കാഗോ സെന്റ് മേരീസ് പള്ളിയിൽ വച്ചു നടത്തുവാനും ആഗ്രഹിക്കുന്നു. നമ്മുടെ ഇടവകകളിൽനിന്നും മിഷനുകളിൽനിന്നും സാധിക്കുന്നവരെല്ലാം അതിൽ പങ്കെടുക്കുവാൻ ശ്രമിക്കണമെന്ന് അറിയിക്കുന്നു.

2016 സെപ്റ്റംബർ 10 ന് കൂടിയ റീജിയണൽ പ്രധിനിധി സമ്മേളനം ശുപാർശ ചെയ്ത ഫാമിലി കോൺഫറൻസ്, 2017 ജൂൺ 28 മുതൽ ജൂലൈ 1 വരെ ചിക്കാഗോയിൽ വച്ച് നടത്താൻ ആഗ്രഹിക്കുകയാണ്. ഗാർഹിക സഭയായ കുടുംബത്തിന്റെ മഹത്വം സഭയിലും സമുദായത്തിലും പ്രയോജനപ്പെടുത്തുന്ന കർമ്മപരിപാടികളായിരിക്കും ഈ ഫാമിലി കോൺഫറൻസിൽ ലക്ഷ്യം വയ്ക്കുന്നത്. കോൺഫറൻസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ വൈകാതെ അറിയിക്കുന്നതായിരിക്കും.

ക്നാനായ റീജിയന്റെ അജപാലന ക്രോഡീകരണത്തിന് ലക്ഷ്യം വച്ച് നാം നടത്തികൊണ്ടിരിക്കുന്ന ഫണ്ട് റൈസിംഗിൽ ആത്മാർഥമായി സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. അതിനു നേതൃത്വം നൽകിയ വൈദികരെയും കമ്മറ്റി അംഗങ്ങളെയും അഭിനന്ദിക്കുന്നു. ഇനിയും ടിക്കറ്റുകൾ എടുക്കാനുള്ളവർ എത്രയും വേഗം ടിക്കറ്റുകൾ എടുക്കുകയും ഇടവകയ്ക്ക് നിശ്ചയിച്ചിരിക്കുന്ന വിഹിതം പൂർത്തീകരിച്ച് ഡിസംബർ 18 ന് മുൻപ് കൗണ്ടർ ഫോയിൽ റീജിയൻ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. ക്രിസ്മസ് രാത്രിയിൽ ചിക്കാഗോ സെന്റ് മേരീസ് പള്ളിയിൽ വച്ച് നറുക്കെടുപ്പ് നടത്തുന്നതാണ്.

ആഗതമാകുന്ന ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും നന്മകളും അനുഗ്രങ്ങളും പ്രാത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,



റവ. ഫാ. തോമസ് മുളവനാൽ
വികാരി ജനറാൾ / ക്നാനായ റീജിയൻ ഡയറക്ടർ

NB: ഈ സർക്കുലർ അടുത്ത ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.